**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5172 — 27.06.2019 ൽ മറുപടിക്ക്

**ബയോവേസ്റ്റ് പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ സ്വകാര്യ ആശുപത്രികളിലെയും ക്ലിനിക്കൽ സ്ഥാപനങ്ങളിലെയും ബയോവേസ്റ്റ് പരിപാലനത്തിന് ഇപ്പോൾ ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) | നിലവിൽ സംസ്ഥാനത്ത് ബയോമെഡിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനുള്ള ഒരു പൊതു സംവിധാനം പാലക്കാട് ജില്ലയിൽ, കഞ്ചിക്കോട് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 'IMAGE' എന്ന സംവിധാനമാണ്. |
| (ബി) | എല്ലാ സ്ഥാപനങ്ങളും ഇത്തരത്തിൽ ബയോവേസ്റ്റ് പരിപാലനം നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നുണ്ടോ; | (ബി) | ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, പ്രകാരം ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സംസ്കരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് ഉറപ്പുവരുത്തുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി/Authorisation നൽകി വരുന്നു. ഇത്തരത്തിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിസര മലിനീകരണം നടത്തുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ പേരിൽ സ്വീകരിക്കുന്ന നടപടികൾ കർശനമാക്കിയിട്ടുണ്ടോ? | (സി) | ഉണ്ട്. ബഹു.ദേശീയ ഹരിത ട്രൈബ്യൂണൽ O.A.No.585/2018-ൽ 25.01.2019, 08.04.2019 എന്നീ തീയതികളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മലിനീകരണം നടത്തുന്ന ആരോഗ്യ സ്ഥാപനങ്ങൾക്കുമേൽ മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ